


.facebook.com/palakkadpolice
www.twitter.com/DpcPalakkad

## മോഷ്ടാവ് വൈശാഖ് എന്ന മൂങ്ങ വൈശാഖ് ആലത്തൂർ പോലീസിൻെറ പിടിയിൽ.

പാലക്കാട് ,ആലത്തൂർ , ഷൊർണൂർ മേഖലകളിൽ വ്യാപാരികളുടെയും നാട്ടുകാരുടെയും ഉറക്കം കെടുത്തിയ മോഷ്ടാവ് ആലത്തൂർ പോലിസ് പിടികൂടി. പ്രതി കേരളത്തിൽ വിവിധ ജില്ലകളിൽ കടകൾ കുത്തി തുറന്നും, വാഹനങ്ങൾ മോഷ്ടിച്ചും 21 ഓളം കളവുകൾ ചെയ്തതായി ചോദ്യം ചെയ്തതിൽ സമ്മതിച്ചു.

ആലത്തൂർ ബാങ്ക് റോഡിൽ നിന്നും ബൈക്ക് മോഷണം പോയതിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിൽ നിന്നാണ് മോഷ്ടിച്ച ബൈക്ക് അടക്കം ടിയാനെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ പരിസരത്ത് നിന്ന് ആലത്തൂർ പോലിസ് പിടികൂടിയത്.



# കുപ്രസിദ്ധ ബൈക്ക് മോഷ്ടാവ് മൂങ്ങ വൈശാഖ് പിടിയിൽ

ആലത്തൂർ: പാലക്കാട്, ആലത്തൂർ, ഷൊർണൂർ മേഖലകളിൽ വ്യാപാരികളുടെയും നാട്ടുകാരുടെയും ഉറക്കം കെടുത്തിയ കുപ്രസിദ്ധ മോഷ്ടാവിനെ ആലത്തൂർ പോലീസ് പിടികൂടി. ഷൊർണൂർ ചെറുതുരുത്തി നെടുമ്പുര കൊണ്ടയിൽ മഠത്തിൽ വൈശാഖ് എന്ന മൂങ്ങ വൈശാഖിനെയാണ് (25) പിടികൂടിയത്. പ്രതി കേരളത്തിൽ വിവിധ ജില്ലകളിൽ കടകൾ കുത്തി തുറന്നും വാഹനങ്ങൾ മോഷ്ടിച്ചും 21 ഓളം കളവുകൾ ചെയ്തതായി ചോദ്യം ചെയ്യലിൽ സമ്മതിച്ചു. ആലത്തൂർ ബാങ്ക് റോഡ് സീതാറാം ഇലക്ട്രോണിക്സിന്റെ മുന്നിൽ നിർത്തിയിട്ടിരുന്ന പൾസർ ബൈക്ക് മോഷ്ടിച്ച കേസിലാണ് ഇയാളെ അറസ്റ്റു ചെയ്തത്.

• പ്രതി വൈശാഖ്

ഷൊർണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്നാണ് മോഷ്ടിച്ച ബൈക്ക് അടക്കം ഇയാൾ പോലീസ് പിടിയിലായത്. ഈ കേസിൽ വയനാട് കമ്പളക്കാട് കോട്ടത്തറ തൊമ്മൻ വളപ്പിൽ ഹംസയെ (37) നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

ആലത്തൂർ ഇൻസ്പെക്ടർ ബോബിൻ മാത്യു, സബ് ഇൻസ്പെക്ടർ എം.ആർ. അരുൺ കുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഷാജു, രതീഷ്, ഉവൈസ്, ആലത്തൂർ ഡിവൈ.എസ്.പിയുടെ പ്രത്യേക അന്വേഷണ സംഘത്തിൽപ്പെട്ട കൃഷ്ണദാസ്, സന്ദീപ്, റഹിം മുത്തു, സൂരജ് ബാബു, ദിലീപ് എന്നിവരാണ് കേസന്വേഷണം നടത്തിയത്.

ആലത്തൂർ ഡി.വൈ.എസ്.പി. ദേവസ്യ യുടെ മേൽനോട്ടത്തിൽ , ആലത്തൂർ ഇൻസ്പെക്ടർ ബോബിൻമാത്യു, സബ്ബ് ഇൻസ്പെക്ടർ അരുൺ കുമാർ , സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഷാജു, രതീഷ്, ഉവൈസ് ആലത്തൂർ ഡി.വൈ.എസ്.പി. യുടെ പ്രത്യേക അന്വേഷണ സംഘത്തിൽപ്പെട്ട കൃഷ്ണദാസ്, സന്ദീപ്, റഹിം മുത്തു, സൂരജ് ബാബു , ദിലീപ് എന്നിവരാണ് കേസന്വേഷണം നടത്തിയത്.

.................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT